## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 301 — 25.06.2012-ൽ മറുപടിക്ക്.

## കണ്ണൂർ വിമാനത്താവളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു:<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ. ഇ. പി. ജയരാജൻ:<br>ശ്രീ. റ്റി. വി. രാജേഷ്: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കണ്ണൂർ എയർപോർട്ടിനുവേണ്ടി സിയാൽ തയ്യാറാക്കിയ പദ്ധതി രൂപരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | കണ്ണൂർ എയർപോർട്ടിന് വേണ്ടി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) തയ്യാറാക്കിയ ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ടും റൺവേയുടെ ഡിസൈൻ, എസ്റ്റിമേറ്റ്, ടെൻഡർ ഡോക്യുമെന്റ്സ് തുടങ്ങിയവയും 25 ഏപ്രിൽ 2012 ന് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന് (കിയാൽ) സമർപ്പിക്കുകയുണ്ടായി. കമ്പനിയുടെ ഡയറക്ടർ ബോർഡാണ് DPR അംഗീകരിക്കേണ്ടത്. കിയാൽ - സിയാൽ ഉദ്യോഗസ്ഥന്മാരുടെ ചർച്ച അവസാനഘട്ടത്തിലാണ്. |
| (ബി) | ഇതനുസരിച്ച് പദ്ധതിക്കായി ഇനിയും ഭൂമി അക്വയർ ചെയ്യേണ്ടതുണ്ടോ; മുൻസർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത മുഴുവൻ ഭൂമിയും എയർപോർട്ട് കമ്പനിക്ക് ഇപ്പോഴും കൈമാറാത്തത് എന്തുകൊണ്ടാണ്; ഇതിനകം കൈമാറിയതെത്ര; | (ബി) | ഉണ്ട്. ഇതു വരെ ഏറ്റെടുത്ത ഭൂമിയിൽ നിന്നും 192.18 ഏക്കർ ഭൂമി കിയാലിന് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള 453 ഏക്കർ ഭൂമിയുടെ കൈമാറ്റം 2012 ജൂൺ 30 നകം പൂർത്തിയാക്കാനായി നടപടികളെടുത്തിട്ടുണ്ട്. ഏറ്റെടുത്ത ഭൂമിയിൽ ബാക്കിയുള്ളത് കിയാലിന് ദീർഘകാലാടിസ്ഥാനത്തിൽ പാട്ടത്തിനാണ് നൽകുന്നത്. 453 ഏക്കർ ഭൂമിയുടെ കൈമാറ്റം പൂർത്തിയായി കഴിഞ്ഞ് കിയാലിന് പാട്ടത്തിന് നല്കേണ്ട 619.28 ഏക്കർ ഭൂമി കൈമാറാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ലാന്റ് അക്വിസിഷനു വേണ്ടി മൊത്തം എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; ഇതിന് മാത്രമായി ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | ലാന്റ് അക്വിസിഷനുവേണ്ടി മൊത്തം 585.17 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.<br>കണ്ണൂർ എയർപോർട്ടിന് വേണ്ടി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | എയർപോർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെല്ലാം വർക്കുകൾ ടെൻഡർ ചെയ്യുകയുണ്ടായി; എതെല്ലാം വർക്കുകൾ ഇനിയും ടെൻഡർ ചെയ്യേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | എയർപോർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് എർത്ത് വർക്കിനുള്ള പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ പ്രസിദ്ധീകരിച്ചു. ഇതു കൂടാതെ കൺസൽട്ടൻസിക്കു വേണ്ടി ഉള്ള ടെണ്ടറും വിളിച്ചിട്ടുണ്ട്. പാരിസ്ഥിതിക അനുമതി കിട്ടിയതിനു ശേഷം പല ടെന്ററുകളും വിളിക്കേണ്ടി വരും. |

സെക്ഷൻ ഓഫീസർ